## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:7521 17.07.2012-ൽ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിൽ അച്ചടി ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്. ബിജിമോൾ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| | (എ) (ബി) & (സി) |
| (എ) സർക്കാർ പ്രസ്സുകൾ നിലവിലുള്ളപ്പോൾ സർക്കാരിന്റെ അച്ചടി ജോലികൾ സ്വകാര്യ മേഖലയ്ക്ക് നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എന്തൊക്കെ ജോലികൾ ആണ് നൽകിയിട്ടുള്ളത്; | (എ) ഉണ്ട്<br>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ചിരുന്ന കേരള സർക്കാർ ലോട്ടറിയുടെ പ്രിന്റിംഗ് അവിടെ നിന്നും മാറ്റാനുള്ള കാരണമെന്ത്; | (ബി) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ നിലവിൽ അച്ചടിച്ചുവരുന്ന ലോട്ടറികളുടെ അച്ചടി നിർത്തലാക്കിയിട്ടില്ല. |
| (സി) സർക്കാർ പ്രസ്സുകളിൽ ഇനിയും ലോട്ടറി ടിക്കറ്റ് അച്ചടിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) യന്ത്രസാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക് ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സാമൂഹ്യ നീതി വകുപ്പിൽ വളരെ അത്യാവശ്യഘട്ടങ്ങളിൽ സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടത്തുന്ന ചില ഉദ്ഘാടന ചടങ്ങുകളുടെ ക്ഷണക്കത്ത് സ്വകാര്യമേഖലയിലെ പ്രസ്സിൽ അച്ചടിച്ചിട്ടുണ്ട്.

2. സാംസ്കാരിക വകുപ്പിന് കീഴിലുള്ള മ്യൂസിയം-മൃഗശാല വകുപ്പിലെ രാജാരവിവർമ്മ ചിത്രങ്ങളുടെ കളർ പോസ്റ്റർ, പിക്ചർ കാർഡ് എന്നിവ പത്രപരസ്യം നൽകി സ്വകാര്യ സ്ഥാപനമായ അക്ഷര ഓഫ്സെറ്റ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ടി വകുപ്പിന് കീഴിലുള്ള KSFDC യിലെ അച്ചടി ജോലികൾ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊണ്ട് മില്ലേനിയം അഡ്വർടൈസേഴ്സ്, തിരുവനന്തപുരം, ബി.കെ.പ്രിന്റേഴ്സ്, തിരുവനന്തപുരം ശിവാനന്ദ പ്രസ്സ്, തിരുവനന്തപുരം, കൃഷ്ണ ഓഫ്സെറ്റ്, തിരുവനന്തപുരം എസ്.ഡി.ഓഫ്സെറ്റ്, നോർത്ത് പറവൂർ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

3. a) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രസിദ്ധീകരിക്കുന്ന 'വിഭവ കേരളം' ത്രൈമാസിക കൊച്ചിയിലെ ജി.കെ.പ്രിന്റിംഗ് എന്ന സ്വകാര്യ സ്ഥാപനത്തിലാണ് അച്ചടിക്കുന്നത്.

b) സംസ്ഥാന ആസൂത്രണ ബോർഡിൽ ചില അവസരങ്ങളിൽ പ്രസ്സ് സൂപ്രണ്ടിന്റെ അനുമതിയോടെ വട്ടിയൂർക്കാവിലെ C-APT-നെ അച്ചടി ജോലികൾ ഏൽപ്പിക്കാറുണ്ട്.

4. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ അച്ചടി ജോലികൾ C-APT നെയാണ് ഏൽപ്പിക്കാറുള്ളത്.

5. ഗതാഗത വകുപ്പിൽ അത്യാവശ്യഘട്ടങ്ങളിൽ മാത്രം C-DIT, C-APT, KBPS എന്നിവ മുഖാന്തിരം അച്ചടി ജോലികൾ നിർവ്വഹിക്കാറുണ്ട്. KSRTC-യിൽ മത്സരാധിഷ്ഠിതമായ തുറന്ന ദർഘാസുകൾ മുഖേന ഫാറങ്ങൾ, ബുക്കുകൾ എന്നിവ അച്ചടിക്കാറുണ്ട്.

6. പരിസ്ഥിതി വകുപ്പിൽ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ വാർഷിക റിപ്പോർട്ട് 2010-11 – എസ്.കെ.പ്രസ്സ്, തൈക്കാട് കേരളത്തിലെ ഔഷധ വൈവിധ്യം എന്ന പ്രസിദ്ധീകരണം-എസ്.ബി.പ്രസ്സ്, തിരുവനന്തപുരം, പി.ബി.ആർ മാതൃകാ ബുക്ക്, വിവരശേഖരണത്തിനുള്ള ഫോമുകൾ എന്നിവ ആൽഫാ എന്റർപ്രൈസ് പാളയം എന്നീ സ്ഥാപനങ്ങളിൽ ചെയ്യിട്ടുണ്ട്. സംസ്ഥാന മലിനീകരണ ബോർഡിന്റെ സാങ്കേതിക പ്രസിദ്ധീകരണങ്ങൾ സമയബന്ധിതമായി ക്വട്ടേഷൻ വിളിച്ച് പ്രസിദ്ധീകരിക്കാറുണ്ട്.

7. ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിൽ സമയബന്ധിതമായി അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ട 'ജനപഥം', കേരള കോളിംഗ് എന്നീ മാസികകൾ തിരുവനന്തപുരം സെന്റ്ജോസഫ് പ്രസ്സിൽ അച്ചടിക്കുന്നു. സബ്ജക്ട് കമ്മിറ്റി യോഗത്തിനുള്ള കുറിപ്പുകൾ അച്ചടിച്ച് നൽകുന്ന ജോലി M/s.Beety Offset Printers, Anand, Nedumangadu എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു.

സെക്ഷൻ ഓഫീസർ